# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 253/2024 തിരുവനന്തപുരം, തീയതി: 13/11/2024

## പത്രക്കുറിപ്പ്

### ഒന്നാം വർഷ എം.എഡ് പ്രവേശനം 2024

### ജനറൽ/കമ്മ്യൂണിറ്റി ക്വാട്ട/എസ്.സി/എസ്.ടി/ ഭിന്നശേഷിവിഭാഗക്കാർ /മറ്റ് സംവരണ വിഭാഗങ്ങൾക്ക് – രണ്ടാംഘട്ട സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എം.എഡ് കോഴ്സിലേയ്ക്ക് രണ്ടാംഘട്ട_സ്പോട്ട് അലോട്ട്മെന്റ് 2024 നവംബർ 16ന് കേരളസർവകലാശാല സെനറ്റ്ഹാൾ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്,യോഗ്യത തെളിയിക്കുന്ന മാർക്ക്ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റിസർട്ടിഫിക്കറ്റ് (SC, ST Candidates ) EWS സർട്ടിഫിക്കറ്റ്, Medical certificate (for Differently Abled Candidates), മറ്റുയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.

ഒന്നാംഘട്ട സ്പോട്ടിൽ പരിവർത്തനം ചെയ്യാത്ത സംവരണസീറ്റുകൾ . പ്രസ്തുത സംവരണ വിഭാഗത്തിൽ വിദ്യാർഥികൾ ഇല്ലാത്ത പക്ഷം പ്രോസ്പെക്ട്സിൽ പറഞ്ഞിരിക്കുന്നത് പ്രകാരം മറ്റു വിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതാണ്.

നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക്ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

പ്രത്യേകകുറിപ്പ് (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രാക്ടിക്കൽ പുന:ക്രമീകരിച്ചു.

കേരളസർവകലാശാല 2024 നവംബർ 13 വഴുതക്കാട് ഗവ.: വിമൻസ് കോളേജിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 18 ലേക്ക് പുന:ക്രമീകരിച്ചിരിക്കുന്നു.

കേരളസർവകലാശാല 2024 നവംബർ 14, 15 തീയതികളിൽ കുറ്റിച്ചൽ ലൂർദ് മാതാ ഇൻസ്റ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.വോക്ക് ഫുഡ് പ്രോസസിംഗ് (359) ആഗസ്റ്റ് 2024 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 നവംബർ 22, 25 തീയതികളിലേക്ക് പുന:ക്രമീകരിച്ചിരിക്കുന്നു. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടി.ടി.എം. (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 നവംബർ 18 ന് വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന അടയ്ക്കേണ്ടതാണ്. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ (വിദൂരവിദ്യാഭ്യാസം–സപ്ലിമെന്ററി–2020 അഡ്മിഷൻ & മേഴ്സി ചാൻസ് –2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ജൂൺ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ (വിദൂരവിദ്യാഭ്യാസം – സപ്ലിമെന്ററി – 2020, 2019 അഡ്മിഷൻ & മേഴ്സി ചാൻസ് 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ M.LISc ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2024 നവംബർ 15 മുതൽ 22 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ EJ - III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്

കേരളസർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (online) പതിനാലാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/തത്തുല്യം. ഫീസ് : 6000/- രൂപ. കാലാവധി : 6 മാസം. അപേക്ഷാഫാം തിരുവനന്തപുരം, കാര്യവട്ടത്തുള്ള അറബി വിഭാഗം ഓഫീസിലും, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.arabicku.in) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറം 2024 നവംബർ 20 ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പ് വകുപ്പിൽ എത്തിക്കുക. വിശദവിവരങ്ങൾക്കായി 0471-2308846/9562722485 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**